# രക്ഷയുടെ പാതയിൽ



# ഈശോയെ അനുഭവിച്ച ജനം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

6

# ഉള്ളടക്കം


1. പ്രവചനങ്ങൾ പൂർത്തിയാകുന്നു
2. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്
3. പ്രലോഭനങ്ങളെ അതിജീവിച്ച ഈശോ
4. ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കുന്ന ഈശോ
5. ദൈവികമഹത്വം വെളിപ്പെടുത്തിയ ഈശോ
6. പാപികളെ തേടിവന്ന ഈശോ
7. നമ്മുടെ മുറിവുകൾ ഏറ്റെടുത്ത ഈശോ
8. നമുക്കുവേണ്ടി മരിച്ച ഈശോ
9. ക്ഷമിക്കാൻ പഠിപ്പിച്ച ഈശോ
10. മരണത്തെ ജയിച്ച ഈശോ
11. എമ്മാവൂസ് അനുഭവം
12. എന്റെ കർത്താവേ, എന്റെ ദൈവമേ
13. സ്വർഗ്ഗാരോഹണവും പ്രേഷിതദൗത്യവും
14. പന്തക്കുസ്തായും വിശ്വാസപ്രഘോഷണവും
15. മഹത്ത്വീകൃതനായ ഈശോ

# പാഠം- 15




## ഈശോയുടെ രണ്ടാമത്തെ ആഗമനം

- ഓരോരുത്തർക്കും സ്വന്തം പ്രവൃത്തികൾക്ക് അനുസരിച്ച് പ്രതിഫലം നൽകാൻ ആണ് ഈശോ വീണ്ടും വരുന്നത്. നന്മ ചെയ്തവർക്ക് നിത്യജീവനും തിന്മ ചെയ്തവർക്ക് നിത്യശിക്ഷയും പ്രതിഫലമായി ലഭിക്കും.

മഹത്ത്വീകൃതനായ ഈശോ

# അന്ത്യവിധി



മനുഷ്യപുത്രൻ എല്ലാ ദൂതൻമാരോടുംകൂടെ മഹത്വത്തിൽ എഴുന്നള്ളുമ്പോൾ അവൻ തന്റെ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനാകും. അവന്റെ മുമ്പിൽ എല്ലാ ജനതകളും ഒന്നിച്ചുകൂട്ടപ്പെടും.

എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കപ്പെട്ടിരിക്കുന്ന രാജ്യം അവകാശപ്പെടുവിൻ. എന്തെന്നാൽ എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു, എനിക്കു ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു. നിങ്ങൾ എന്നെ സന്ദർശിച്ചു. ഞാൻ കാരാഗൃഹത്തിലായിരുന്നു. നിങ്ങൾ എന്റെ അടുത്തുവന്നു.

സഹോദരസ്നേഹത്തിന്റെ അടിസ്ഥാനത്തിലാണ് അന്ത്യവിധിയിൽ നമ്മൾ സമ്മാനത്തിനോ ശിക്ഷയ്ക്കോ അർഹമാകുന്നത്.

# ഏലിയാ – സ്ലീവാ – മൂശക്കാലങ്ങൾ

- മിശിഹായുടെ മഹത്വപൂർണമായ രണ്ടാമത്തെ ആഗമനവും കുരിശിന്റെ വിജയവും അനുസ്മരിപ്പിക്കുന്ന കാലസമുച്ചയമാണ് ഏലിയാ–സ്ലീവാ–മൂശക്കാലങ്ങൾ.
- മോശ നിയമത്തെയും ഏലിയാ പ്രവാചകന്മാരെയും പ്രതിനിധീകരിക്കുന്നു.
- ലോകാവസനാനം, മരണം, വിധി തുടങ്ങിയ യാഥാർത്ഥ്യങ്ങളെക്കുറിച്ച് ചിന്തിക്കുവാനും, അനുതാപനിർഭരമായ ഹൃദയത്തോടെ മിശിഹായുടെ രണ്ടാമത്തെ ആഗമനത്തിനായി ഒരുങ്ങിയിരിക്കുവാനും ഈ കാലം നമ്മെ സഹായിക്കുന്നു

## വെളിപാട്

- പുതിയ നിയമത്തിലെ അവസാനത്തെ ഗ്രന്ഥമാണ് വെളിപാട്. വി.യോഹന്നാൻ ശ്ലീഹായാണ് വെളിപാടു ഗ്രന്ഥത്തിന്റെ കർത്താവ്. പാത്മോസ് ദ്വീപിൽവച്ചാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടത്. ലോകാവസാനത്തിൽ മിശിഹാ പ്രത്യക്ഷനാകുമ്പോൾ ദുഷ്ടത പ്രവർത്തിക്കുന്നവർ നശിപ്പിക്കപ്പെടുകയും നന്മചെയ്യുന്ന അവിടുത്തെ അനുയായികൾ അവിടുത്തോടൊത്ത് വിജയശ്രീലാളിതരായി പുതിയ ലോകത്തിൽ പ്രവേശിക്കുകയും ചെയ്യുമെന്ന് ഈ ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു.

# കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

- ഏലിയാ–സ്ലീവാ – മൂശാക്കാലത്തിലെ പ്രധാന തിരുനാളാണ് കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ. സെപ്റ്റംബർ 14–ാംതീയതിയാണ് ഈ തിരുനാൾ സഭ ആഘോഷിക്കുന്നത്. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ അമ്മയായ ഹെലേനാരാജ്ഞി ഈശോയുടെ കുരിശ് കണ്ടെത്തിയ സംഭവത്തോടു ബന്ധപ്പെടുത്തിയാണ് ഈ തിരുനാൾ ആചരിച്ചു പോരുന്നത്.

മഹത്വീകൃതനായ ഈശോ

## പള്ളിക്കൂദാശക്കാലം

- നമ്മുടെ ആരാധനക്രമവത്സരത്തിലെ അവസാനത്തെ കാലമാണ് പള്ളിക്കൂദാശക്കാലം. നാലാഴ്ചകളാണ് ഇതിലുള്ളത്. മിശിഹാ തന്റെ മണവാട്ടിയായ സഭയെ അവസാനവിധിക്കുശേഷം പിതാവായ ദൈവത്തിനു സമർപ്പിക്കുന്നതിനെയാണ് ഈ കാലത്തിന്റെ ആരംഭത്തിൽത്തന്നെ നാം അനുസ്മരിക്കുന്നത്.
- പിതാവിന്റെ വലത്തുഭാഗത്ത് മഹത്വപൂർണ്ണനായി വാഴുന്ന ഈശോയെ സൂചിപ്പിക്കാനാണ് സ്വർഗ്ഗത്തിന്റെ പ്രതീകമായ മദ്ബഹായിൽ ദൈവത്തിന്റെ സിംഹാസനമായ ബലിപീഠത്തിൽ ദൈവവചനം പ്രതിഷ്ഠിക്കുന്നത്.
- ഈശോയുടെ ജനനത്തോടുകൂടി ആരംഭിച്ച് തിരുസഭയിലൂടെ സ്വർഗ്ഗത്തിൽ എത്തിച്ചേരാൻ വിളിക്കപ്പെട്ടവരാണ് ക്രൈസ്തവരായ നാം എന്ന സത്യം ആരാധനാവൽസരം നമ്മെ അനുസ്മരിപ്പിക്കുന്നു.

# എന്റെ തീരുമാനം

മറ്റുള്ളവരെ സഹായിക്കാൻ
കിട്ടുന്ന അവസരങ്ങൾ
ഞാൻ
നഷ്ടപ്പെടുത്തുകയില്ല.



വഴികാട്ടാൻ ഒരു തിരുവചനം
“എന്റെ ഏറ്റവും ചെറിയ ഈ
സഹോദരന്മാരിൽ ഒരുവന്
നിങ്ങൾ ഇതു ചെയ്തു
കൊടുത്തപ്പോൾ
എനിക്കുതന്നെയാണ് ചെയ്തു
തന്നത്” (മത്താ.25:40)